# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 146      09.06.2014-ൽ മറുപടിയ്ക്ക്

### 'ഓപ്പറേഷൻ കുബേര'

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ കൊള്ളപ്പലിശക്കെതിരെ നടത്തിയ റെയ്ഡിനെ തുടർന്ന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര രൂപയുടെ ക്രമക്കേടുകൾ കണ്ടെത്തി എന്നിവ വിശദമാക്കുമോ; | (എ) 'ഓപ്പറേഷൻ കുബേര' എന്ന പേരിൽ കൊള്ളപ്പലിശക്കെതിരെ നടത്തിയ റെയ്ഡിനെ തുടർന്ന് 1364 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 5,83,36,035/-(അഞ്ചുകോടി എൺപത്തിമൂന്ന് ലക്ഷത്തി മുപ്പത്തിയാറായിരത്തി മുപ്പത്തഞ്ച്) രൂപയുടെ ഇടപാടുകൾ കണ്ടെത്തുകയുണ്ടായി. |
| (ബി) അനധികൃത പണമിടപാട് സ്ഥാപനങ്ങൾ നടത്തുന്നവരെ ഗുണ്ടാ പട്ടികയിൽ ഉൾപ്പെടുത്തി കേസ്സ് എടുക്കുന്നതിന് നിർദ്ദേശം നൽകുമോ; | (ബി) അനധികൃത പണമിടപാട് സ്ഥാപനങ്ങൾ നടത്തുന്നവർ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ടിയാന്മാരെ ഗുണ്ടാ പട്ടികയിൽ ഉൾപ്പെടുത്തി കേസ്സ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) പോലീസ് സേനയിലെ ആർക്കെങ്കിലും ഇത്തരം സംഘങ്ങളോട് ബന്ധമുണ്ടെന്ന് തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കുമോ? | (സി) ഉണ്ട്. ഇത്തരം സംഘങ്ങളോട് ബന്ധമുള്ളതായി തെളിഞ്ഞതിനെ തുടർന്ന് പോലീസ് ഉദ്യോഗസ്ഥരെ കേസുകളിൽ പ്രതിയാക്കിയിട്ടുള്ളതും ടിയാന്മാരെ സസ്പെൻഡ് ചെയ്ത് വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ